# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2670 — 14/12/2015 -ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി വ്യാപിപ്പിക്കാൻ നടപടി

### ചോദ്യം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരമുള്ള കുടിവെള്ള വിതരണം കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

### മറുപടി

ശ്രീ. പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി) & (സി) ജൈക്കയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി കോഴിക്കോട് കോർപ്പറേഷനേയും സമീപത്തുള്ള 13 പഞ്ചായത്തുകളേയും ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ചക്കിട്ടപ്പാറ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് പഞ്ചായത്തുകൾക്കുകൂടി ഈ പദ്ധതിയിൽ നിന്നും ശുദ്ധജലം വിതരണം ചെയ്യുകയാണെങ്കിൽ ജൈക്ക പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ സാരമായി ബാധിക്കും.

ചക്കിട്ടപ്പാറ, കുരാച്ചുണ്ട് എന്നീ ഗ്രാമപഞ്ചായത്തുകൾ ജൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജൈക്ക പദ്ധതിയിൽ ഉൾപ്പെടാത്ത പഞ്ചായത്തുകളിലേക്ക് മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം നടത്തുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/